ന്യൂനപക്ഷ വിഭാഗ ക്ഷേമ പദ്ധതി

330 (1756) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനത്തിനുള്ള പദ്ധതിയിൽ സംസ്ഥാനത്ത് എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ഡി) പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളിലാണ് ധനസഹായം അനുവദിക്കുന്നത് ;

(ഇ) തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ സി.പി.ആർ. തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ഏതെങ്കിലും പ്രത്യേക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ 12-ാം പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിലും (MCB) ന്യൂനപക്ഷ കേന്ദ്രീകൃത ടൗണുകളിലുമാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ സംസ്ഥാനത്ത് വയനാട് ജില്ലയിലെ 4 ബ്ലോക്കുകളും (കല്പറ്റ, പനമരം, സുൽത്താൻ ബത്തേരി, മാനന്തവാടി) മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതികൾ ന്യൂനപക്ഷക്ഷേമ വകുപ്പ് നേരിട്ടും അതത് ജില്ലാ കളക്ടറേറ്റ് മുഖേനയുമാണ് നടപ്പിലാക്കിവരുന്നത്. പുനരാവിഷ്കൃത എം.എസ്.ഡി.പി. പ്രകാരം ടി പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജ് ക്ലസ്റ്ററുകളിലേക്കുകൂടി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

(ബി - ഇ) ബാധകമല്ല.

ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള വായ്പാ പദ്ധതികളും ധനസഹായ പദ്ധതികളും

331 (1757) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗങ്ങൾക്കായി സർക്കാരും വിവിധ കോർപ്പറേഷനുകളും നൽകുന്ന വായ്പാ പദ്ധതികളും ധനസഹായ പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ജില്ലയിലും ഈ പദ്ധതികൾ പ്രകാരം എത്ര ഉക വായ്പയായും ധനസഹായമായും അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) വിവിധ വായ്പാ പദ്ധതികൾക്ക് നൽകുന്ന സബ്സിഡി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായ പദ്ധതികൾ നടപ്പാക്കിവരുന്നു :

1. സി. എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് (മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്)
2. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്ന വർക്കുള്ള സ്കോളർഷിപ്പ്.
3. ദ്വിവൽസര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം.
4. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്.
5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/വിവാഹമോചിതർക്ക് ഭവന പദ്ധതി.

ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി കുറഞ്ഞ പലിശ നിരക്കിൽ താഴെ പറയുന്ന വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ദേശീയ ന്യൂനപക്ഷ കോർപ്പറേഷന്റെ ഫണ്ടിങ്ങിൽ

1. സ്വയം തൊഴിൽ വായ്പ
2. വിദ്യാഭ്യാസ വായ്പ
3. മൈക്രോഫിനാൻസ്

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സ്വന്തം ഫണ്ടുപയോഗിച്ച്

1. സ്വയം തൊഴിൽ
2. പ്രവാസി സ്വയം തൊഴിൽ വായ്പ
3. നിതാഖത് സ്വയം തൊഴിൽ വായ്പ
4. പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ : (സ്റ്റുഡന്റ്സ് പ്ലസ്, പാരന്റ് പ്ലസ്)
5. ബിസിനസ് ഡെവലപ്മെന്റ് വായ്പ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായ പദ്ധതികൾ നടപ്പാക്കിവരുന്നു :

1. സി. എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് (മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്)- 6,29,02,000 രൂപ (2/2015 വരെ)
2. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് - 50 ലക്ഷം രൂപ.
3. ദ്വിവൽസര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം-80 ലക്ഷം രൂപ
4. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ് - 40 ലക്ഷം രൂപ

   (ക്രമനമ്പർ 1 മുതൽ 4 വരെയുള്ള പദ്ധതികൾക്ക് സംസ്ഥാന അടിസ്ഥാനത്തിലാണ് (State wise) ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.)
5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/വിവാഹമോചിതർക്ക് ഭവന പദ്ധതിയിൽ 2013-14-ൽ ആകെ 1900 ലക്ഷം രൂപയും 2014-15-ൽ 498 ലക്ഷം രൂപയും. ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ താഴെപ്പറയും പ്രകാരം ഓരോ ജില്ലയിലും ഇക വായ്പയായും ധനസഹായമായും അനുവദിച്ചിട്ടുണ്ട്.

District	No. of Beneficiaries	Amount
Alappuzha	19	46,48,000
Ernakulam	28	75,00,000
Idukki	33	90,81,000
Kannur	23	45,44,600
Kasargode	17	38,26,000
Kollam	70	2,15,81,250
Kottayam	17	34,99,600
Kozhikode	297	6,98,89,200
Malappuram	148	4,21,70,550
Palakkad	72	1,70,19,000

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Pathanamthitta	7	22,00,000
Thiruvananthapuram	51	1,38,37,500
Thrissur	32	1,03,45,000
Wayanad	37	90,14,100
Grand Total	851	21,91,55,800

(സി) സബ്സിഡി നൽകുന്നില്ല.

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്കുള്ള വീട് നിർമ്മാണം

332 (1758) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വീട് നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് ഇതിനകം ചെലവഴിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഇത്തരം വീടുകൾ നൽകി വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/വിവാഹമോചിതർ/ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്ന ഭവന പദ്ധതിയിൽ 2013-14 സാമ്പത്തിക വർഷത്തിൽ 950 വീടുകളുടെ നിർമ്മാണത്തിന് 19 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 249 വീടുകൾക്കായി 4.98 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മുഴുവൻ തുകയും അതത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ടി പദ്ധതിക്ക് അപേക്ഷിക്കാനുള്ള നിർദ്ദിഷ്ട യോഗ്യതയുള്ളവരിൽ നിന്നും താഴെ പറയുന്ന മാനദണ്ഡങ്ങൾ 100 മാർക്കിന് നിശ്ചയിച്ചുകൊണ്ടാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

1. അപേക്ഷകയോ, അപേക്ഷകയുടെ മക്കളോ മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരാണെങ്കിൽ (20 മാർക്ക്)
2. അപേക്ഷകയ്ക്ക് മൈനറായ മക്കളുണ്ടെങ്കിൽ (10 മാർക്ക്)
3. അപേക്ഷകയ്ക്ക് പെൺകുട്ടികൾ മാത്രമെങ്കിൽ (10 മാർക്ക്)
4. ബി.പി.എൽ. കുടുംബം (ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അടക്കം) ആണെങ്കിൽ (10 മാർക്ക്)
5. അപേക്ഷക 40-55 പ്രായത്തിനിടയിലുള്ളവരെങ്കിൽ (10 മാർക്ക്)
6. അപേക്ഷക ഏകവരുമാനദായക ആണെങ്കിൽ (10 മാർക്ക്)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly